بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅ: ഖുത്വ്ബ**

**സംഗ്രഹം**

**12-06-2026**

# ഉദാരമനസ്കനായ പ്രവാചകൻ(സ)

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ - بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ -
اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ الرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ○
اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ, സൂറത്തുൽ ബഖറയിലെ 275-ാം വചനം, സൂറത്തുദ്ദാരിയാത്തിലെ 20-ാം വചനം എന്നിവ ഓതിയ ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹു തആലാ) അരുളി:

ഞാൻ പാരായണം ചെയ്ത ഒന്നാമത്തെ ആയത്ത് സൂറത്തുൽ ബഖറയിലേതാണ്. അതിന്റെ തർജ്ജമ ഇപ്രകാരമാണ്:

***തങ്ങളുടെ ധനം രാവും പകലും, രഹസ്യമായും പരസ്യമായും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിച്ചു കൊണ്ടിരിക്കുന്നവർ ആരോ, അവർക്ക് അവരുടെ രക്ഷിതാവിങ്കൽ അർഹമായ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവുമുണ്ടാകില്ല, അവർ ദുഃഖിക്കേണ്ടി വരികയുമില്ല.***

രണ്ടാമത്തെ ആയത്ത് സൂറത്തുദ്ദാരിയാത്തിലേതാണ്. അതിൽ അല്ലാഹു അരുളുന്നു:

***അവരുടെ ധനത്തിൽ ചോദിച്ചു വരുന്നവർക്കും, ചോദിക്കാൻ കഴിയാത്തവർക്കും അവകാശമുണ്ടായിരുന്നു.***

ഇന്ന് ഞാൻ നബിതിരുമേനി(സ)യുടെ ഔദാര്യത്തെയും ഉദാരമനസ്കതയെയും കുറിച്ചുള്ള ചില നിവേദനങ്ങൾ വിവരിക്കാം. അങ്ങയുടെ സ്വന്തം പ്രവൃത്തി എന്തായിരുന്നുവെന്നും, ഈ വിഷയത്തിൽ സത്യവിശ്വാസികളെ അവിടുന്ന് ആവർത്തിച്ച് ഉദ്ബുദ്ധരാക്കിയത് എങ്ങനെയെന്നും ഈ നിവേദനങ്ങളിൽ നിന്ന് വ്യക്തമാകുന്നു.

ആവശ്യക്കാരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്ക് വിശുദ്ധ ഖുർആനിൽ അല്ലാഹു വളരെയധികം ശ്രദ്ധ ക്ഷണിച്ചിട്ടുണ്ട്. നബിതിരുമേനി(സ)യും തന്റെ ഉപദേശങ്ങളിലൂടെ മാത്രമല്ല, സ്വന്തം കർമ മാതൃകയിലൂടെയും ഈ കാര്യത്തിന് വലിയ പ്രാധാന്യം നൽകിയിട്ടുണ്ട്.

ഹദ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു: നബിതിരുമേനി(സ)യുടെ പ്രാർത്ഥനാവചനങ്ങൾ ഇപ്രകാരമായിരുന്നു: *അല്ലാഹുവേ! പിശുക്കിൽ നിന്നും, അലസതയിൽ നിന്നും, നിന്ദ്യമായ പ്രായാധിക്യത്തിൽനിന്നും, ഖബർ ശിക്ഷയിൽ നിന്നും, ജീവിതത്തിലെയും മരണത്തിലെയും പരീക്ഷണങ്ങളിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.*

അതുപോലെതന്നെ ഹദ്റത്ത് അനസ്(റ)ൽ നിന്ന് തന്നെയുള്ള മറ്റൊരു നിവേദനത്തിൽ അദ്ദേഹം പറയുന്നു, നബി കരീം(സ) ഇപ്രകാരം പ്രാർത്ഥിക്കാറുണ്ടായിരുന്നു:

اَللّٰهُمَّ إِنِّي أَعُوْذُ بِكَ مِنَ الْهَمِّ وَالْحَزَنِ، وَالْعَجْزِ وَالْكَسَلِ، وَالْجُبْنِ وَالْبُخْلِ، وَضَلَعِ الدَّيْنِ وَغَلَبَةِ الرِّجَالِ

അതായത്: *അല്ലാഹുവേ! ഉത്കണ്ഠയിൽ നിന്നും ദുഃഖത്തിൽ നിന്നും, ദൗർബല്യങ്ങളിൽനിന്നും അലസതയിൽ നിന്നും, ഭീരുത്വത്തിൽ നിന്നും പിശുക്കിൽ നിന്നും, കടബാധ്യത വർദ്ധിക്കുന്നതിൽ നിന്നും, മനുഷ്യരുടെ അടിച്ചമർത്തലിൽ നിന്നും ഞാൻ നിന്നോട് അഭയം തേടുന്നു.*

അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ചിലവഴിക്കുന്നതിനെക്കുറിച്ച് അവിടുന്ന് ഇപ്രകാരം ഉപദേശിച്ചു: *നിങ്ങൾ പണസഞ്ചിയുടെ വായ് കെട്ടിപ്പൂട്ടി വെക്കരുത്; അങ്ങനെ ചെയ്താൽ നിങ്ങ*

*ൾക്ക് അത് തടഞ്ഞു വയ്ക്കപ്പെടും.*
അവിടുന്ന് അരുളി: *നിങ്ങൾ ദാനധർമ്മങ്ങൾ ചെയ്യുമ്പോൾ എണ്ണിക്കൊണ്ടിരിക്കരുത്, അങ്ങനെയെങ്കിൽ അല്ലാഹുവും നിങ്ങൾക്ക് എണ്ണിയെണ്ണി മാത്രമേ നൽകുകയുള്ളൂ.*
അവിടുന്ന് അരുളി: *ഉദാരമനസ്കൻ അല്ലാഹുവിനോട് അടുത്തവനും സ്വർഗ്ഗസാമീപ്യംസിദ്ധിച്ചവനും മനുഷ്യരോട് അടുത്തവനുമാകുന്നു. നരകാഗ്നിയിൽ നിന്ന് അവൻ അകറ്റപ്പെട്ടിരിക്കുന്നു. പിശുക്കനാകട്ടെ, അല്ലാഹുവിൽ നിന്നും സ്വർഗ്ഗത്തിൽ നിന്നും മനുഷ്യരിൽ നിന്നും അകന്നവനും നരകാഗ്നിയോട് അടുത്തവനുമാണ്. വഞ്ചകനും പിശുക്കനും താൻ ചെയ്ത ഉപകാരം എടുത്തുപറയുന്നവനും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. സത്യവിശ്വാസി നിഷ്കളങ്കനും ഉദാരമതിയുമായിരിക്കും; നീചനാകട്ടെ വഞ്ചകനും നികൃഷ്ടനുമായിരിക്കും.*
മറ്റൊരു സന്ദർഭത്തിൽ ഉപദേശിച്ചുകൊണ്ട് നബി കരീം (സ)ഇപ്രകാരം അരുളി: *ആദം സന്തതികളേ! നിന്റെ ആവശ്യത്തിലധികമുള്ള ധനം ദൈവമാർഗത്തിൽചിലവഴിക്കുന്നതാണ് നിനക്ക് ഉത്തമം. അത് നീ തടഞ്ഞു വെക്കുന്നത് നിനക്ക് ദോഷകരവുമാണ്. എന്നാൽ നിന്റെ ആവശ്യത്തിനനുസരിച്ച് സൂക്ഷിച്ചുവെക്കുന്നത് അപലപനീയമല്ല. നിന്റെ സംരക്ഷണ ചുമതലയിലുള്ളവരിൽ നിന്ന് നീ ആരംഭിക്കുക. നൽകുന്ന കൈയാണ് വാങ്ങുന്ന കൈയേക്കാൾ ഉത്തമം.*
ഒരിക്കൽ നബി കരീം(സ)ഹദ്റത്ത് ബിലാൽ (റ)ന്റെ അടുത്ത് വന്നു. അങ്ങേയ്ക്കായും അങ്ങയുടെ അതിഥികൾക്കായും ഹദ്റത്ത് ബിലാൽ (റ) ശേഖരിച്ചുവെച്ച ഈത്തപ്പഴത്തിന്റെ ഒരു കൂട്ടം അവിടെയുണ്ടായിരുന്നു. നബി കരീം(സ) ഹദ്റത്ത് ബിലാൽ(റ)നെ അഭിസംബോധന ചെയ്തുകൊണ്ട് അരുളി: *ഈ കൂമ്പാരത്തിന്മേൽ നരകാഗ്നിയുടെ കഠിനമായ ജ്വാല വന്നെത്തുന്നതിനെ നീ ഭയപ്പെടുന്നില്ലേ?.* ശേഷം അവിടുന്ന് അരുളി: *ഓ ബിലാൽ! നീ ചിലവഴിച്ചുകൊണ്ടേയിരിക്കുക. അർശിന്റെ നാഥനായ ദൈവമുണ്ടായിരിക്കെ നീ ദാരിദ്ര്യത്തെയും പട്ടിണിയെയും ഭയപ്പെടേണ്ടതില്ല.*
മറ്റൊരു സന്ദർഭത്തിൽ നബി കരീം(സ) അരുളി: *ഞാൻ കേവലം വിതരണം ചെയ്യുന്നവൻ മാത്രമാണ്, നൽകുന്നവൻ അല്ലാഹുവാണ്.*
പരോപകാരത്തിന്റെയും ഉദാരമനസ്കതയുടെയും ഈ ഗുണം പ്രവാചകത്വ ലബ്ധിക്ക് മുമ്പു തന്നെ അങ്ങയുടെ ജീവിതത്തിൽ പ്രതിഫലിച്ചിരുന്നു. ആദ്യവെളിപാട് ഉണ്ടായ വേളയിൽ ഹദ്റത്ത് ഖദീജ (റ) നൽകിയ സാക്ഷ്യത്തിൽ നിന്ന് നമുക്കത് വായിക്കാം.
അവർ(റ) പറഞ്ഞു: 'അങ്ങ് പരിഭ്രമിക്കേണ്ട ആവശ്യമില്ല. അല്ലാഹുവാണെ സത്യം! അവൻ അങ്ങയെ ഒരിക്കലും അപമാനിക്കുകയില്ല. അങ്ങ് കുടുംബബന്ധങ്ങൾ പുലർത്തുന്നു അശരണരുടെ ഭാരം ചുമക്കുന്നു, ഇല്ലാതായിക്കൊണ്ടിരിക്കുന്ന നന്മകൾ പ്രവർത്തിക്കുന്നു, അതിഥികളെ സൽക്കരിക്കുന്നു, ആപത്ഘട്ടങ്ങളിൽ ആളുകളെ സഹായിക്കുകയും ചെയ്യുന്നു.'
നബി കരീം (സ) പറയുന്നു: രണ്ട് സ്വഭാവങ്ങൾ ഒരു സത്യവിശ്വാസിയിൽ ഉണ്ടാകുക സാധ്യമല്ല; ഒന്ന് പിശുക്ക്, രണ്ട് ദുസ്വഭാവം.
അവിടുന്ന് അരുളി: *നിങ്ങൾ അക്രമത്തിൽ നിന്ന് വിട്ടുനിൽക്കുക... പിശുക്കിൽ നിന്നും ദുരാഗ്രഹത്തിൽ (ഹിർസ്) നിന്നും രക്ഷപ്പെടുക; തീർച്ചയായും നിങ്ങൾക്ക് മുമ്പുള്ളവരെ നശിപ്പിച്ചത് പിശുക്കായിരുന്നു. ഒരു ദാസന്റെ ഹൃദയത്തിൽ ദുരാഗ്രഹവും പിശുക്കും ഈമാനും ഒരിക്കലും ഒത്തുപോവുകയില്ല.*
ഹദ്റത്ത് അനസ് (റ) നിവേദനം ചെയ്യുന്നു: അല്ലാഹുവിന്റെ റസൂൽ (സ) മനുഷ്യരിൽ ഏറ്റവും സുന്ദരനും, മനുഷ്യരിൽ ഏറ്റവും ഉദാരമതിയും, മനുഷ്യരിൽ ഏറ്റവും വലിയ ധീരനുമായിരുന്നു.
അവിടുന്ന് അരുളി: *എല്ലാ ഉദാരമതികളേക്കാളും വലിയ ഉദാരവനാണ് അല്ലാഹു. ആദമിന്റെ സന്തതികളിൽ വെച്ച് ഏറ്റവും വലിയ ഉദാരമതിയാണ് ഞാൻ.*
നബി കരീം(സ) റമദാൻമാസത്തിൽ വളരെയധികം ദാനധർമ്മങ്ങൾ ചെയ്യാറുണ്ടായിരുന്നുവെന്നും ആഞ്ഞുവീശുന്ന കൊടുങ്കാറ്റിനെക്കാൾ തീവ്രതയോടെ അവിടുന്ന് പരോപകാരം ചെയ്യുമായിരുന്നുവെന്നും നിവേദനങ്ങളിൽ വന്നിരിക്കുന്നു.
അവിടുന്ന് പറഞ്ഞു: *എന്റെ പക്കൽ തിഹാമ പർവ്വതത്തോളം സ്വർണ്ണമുണ്ടായിരുന്നെങ്കിൽ പോലും ഞാൻ അതെല്ലാം നിങ്ങൾക്കിടയിൽ വിതരണം ചെയ്യുമായിരുന്നു; എന്നെ നിങ്ങൾ*

*ഒരു കളവ് പറയുന്നവനായോ പിശുക്കനായോ കണ്ടെത്തുകയില്ല.*

അവിടുന്ന് അരുളി: *എന്റെ പക്കൽ ഉഹുദ് പർവ്വതത്തോളം സ്വർണ്ണമുണ്ടെങ്കിൽ മൂന്നു ദിവസം കഴിയുമ്പോഴേക്കും കടംവീട്ടാൻ വേണ്ടി മാറ്റിവെച്ച ഒരു ദീനാർ അല്ലാതെ മറ്റൊന്നും ബാക്കി വയ്ക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല.*

അവിടുന്ന് അരുളി: *വലിയ സമ്പന്നരായിരിക്കെ ആവശ്യക്കാർക്കായി അത് ചിലവഴിക്കാതിരിക്കുന്നവർ ആരോ, അവർ തന്നെയാണ് ഖിയാമത്ത് നാളിൽ ഏറ്റവും വലിയ ദരിദ്രർ.*

ഒരിക്കൽ ഒരാൾ നബിതിരുമേനി(സ)യോട് രണ്ട് പർവ്വതങ്ങൾക്കിടയിൽ നിറഞ്ഞുനിന്നിരുന്ന അത്രയും ആടുകളെ മുഴുവനായി ആവശ്യപ്പെട്ടു. അവിടുന്ന് അതെല്ലാം അയാൾക്ക് ദാനമായി നൽകി! അയാൾ തന്റെ ജനതയുടെ അടുക്കലേക്ക് മടങ്ങിച്ചെന്ന് ഇപ്രകാരം പറഞ്ഞു: എന്റെ ജനമേ! നിങ്ങൾ ഈമാൻ കൈക്കൊള്ളുക! അല്ലാഹുവാണെ സത്യം, മുഹമ്മദ് (സ) ദാരിദ്ര്യത്തെ ഒട്ടും ഭയപ്പെടാത്ത വിധത്തിലാണ് ആളുകൾക്ക് ദാനം നൽകുന്നത്.

ചിലപ്പോൾ ഏതെങ്കിലും ഒരു വ്യക്തി കേവലം ലൗകിക നേട്ടങ്ങൾക്ക് വേണ്ടിയായിരിക്കും ഇസ്ലാം സ്വീകരിക്കുന്നത്; എന്നാൽ പിന്നീട് ഇസ്ലാം അവന് ഈ ദുനിയാവിനേക്കാളും അതിലുള്ള സകല വസ്തുക്കളേക്കാളും പ്രിയങ്കരമായി മാറുമായിരുന്നു.

നബി കരീം(സ) ഭാവിദിനങ്ങളിലേക്കായി യാതൊന്നും തന്നെസൂക്ഷിച്ചുവെക്കാറില്ലായിരുന്നു. ഒരിക്കൽ അവിടുന്ന് അസർ നമസ്കാരം നിർവഹിച്ചു കഴിഞ്ഞയുടൻ വളരെ തിടുക്കത്തിൽ വീട്ടിലേക്ക് പോയി. ശേഷം പുറത്തേക്ക് വന്നു. അതിനെക്കുറിച്ച് അന്വേഷിച്ചവരോട് അവിടുന്ന് പറഞ്ഞു: *സദഖയിൽ പെട്ട ഒരു സ്വർണ്ണക്കഷണം ഞാൻ വീട്ടിൽ മറന്നുവെച്ചിട്ടുണ്ടായിരുന്നു. അത് രാത്രി മുഴുവൻ എന്റെ പക്കൽ ഇരിക്കുന്നത് ഞാൻ ഇഷ്ടപ്പെട്ടില്ല; അതിനാൽ ഞാനത് വിതരണം ചെയ്തു.*

ഹദ്റത്ത് ഉമ്മു സൽമ (റ) വിവരിക്കുന്നു: ഒരിക്കൽ നബി കരീം(സ) എന്റെ അരികിലേക്ക് വന്നു. അപ്പോൾ അവിടുത്തെ മുഖത്തിന്റെ നിറം മാറിയിട്ടുണ്ടായിരുന്നു. എന്തെങ്കിലും പ്രയാസമോ വേദനയോ കാരണമായിരിക്കും അതെന്ന് ഞാൻ കരുതി. ഞാൻ ചോദിച്ചു: യാ റസൂലല്ലാഹ്! അങ്ങയുടെ മുഖത്തിന്റെ നിറം മാറിയിരിക്കുന്നുവല്ലോ, വല്ല ബുദ്ധിമുട്ടും കാരണമാണോ?. നബി കരീം(സ) പറഞ്ഞു: *അല്ല! വൈകുന്നേരം എനിക്ക് ഏഴ് ദീനാറുകൾ ലഭിച്ചപ്പോൾ രാത്രിയായിട്ടും ഞാനത് വിതരണം ചെയ്തില്ലല്ലോ എന്ന ചിന്ത കാരണമാണിത്; ഞാൻ അത് കിടക്കയുടെ ഒരു കോണിൽ വച്ച് മറന്നുപോയി. എനിക്കത് ഓർമ്മ വന്നപ്പോൾ കടുത്ത പ്രയാസമാണുണ്ടായത്.*

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളുന്നു: നബിതിരുമേനി(സ)യുടെ അവസ്ഥ എങ്ങനെയെന്നാൽ, അവിടുത്തെ പക്കൽ എന്തൊക്കെയുണ്ടോ അതെല്ലാം അവിടുന്ന് ഉദാരമായി ദാനം ചെയ്യുമായിരുന്നു.

നബി കരീം(സ) അതീവ ലജ്ജാലുവായിരുന്നു. അവിടുത്തോട് ആര് എന്ത് ചോദിച്ചാലും അവിടുന്ന് അത് നൽകുക തന്നെ ചെയ്യുമായിരുന്നു. ദാനം നൽകുന്ന കാര്യത്തിൽ അവിടുന്ന് മറ്റെല്ലാ മനുഷ്യരേക്കാളും ഉദാരമതിയായിരുന്നു. ഒരിക്കൽ അങ്ങേയ്ക്ക് എഴുപതിനായിരം ദിർഹം ലഭിക്കുകയുണ്ടായി. ആ ധനം ഒരു പായയിലാണ് വെച്ചിരുന്നത്. അവിടുന്ന് അത് വിതരണം ചെയ്യാൻ ഒരുങ്ങി; ചോദിച്ചുവന്നവരിൽ ഒരാളെപ്പോലും അവിടുന്ന് വെറുംകൈയോടെ മടക്കി അയച്ചില്ല, ഒടുവിൽ ആ ധനം മുഴുവൻ അവിടുന്ന് വിതരണം ചെയ്തു.

ഹദ്റത്ത് ഉസ്മാൻ (റ) നബിതിരുമേനി(സ)ക്ക് ഒരു കുല മുന്തിരി ഉപഹാരമായി സമർപ്പിച്ചു; അത് ഒരു കുല ഈത്തപ്പഴമായിരുന്നു എന്നും ചില നിവേദനങ്ങളിൽ പരാമർശിക്കപ്പെടുന്നുണ്ട്. ഒരു സ്ഥലത്ത് മുന്തിരിയെന്നും മറ്റൊരു സ്ഥലത്ത് ഈത്തപ്പഴമെന്നുമാണ് ഉള്ളത്. ഏതായാലും, ആ സമയം ഒരു യാചകൻ വന്നപ്പോൾ നബി കരീം (സ)അത് അയാൾക്ക് ദാനം ചെയ്തു. തുടർന്ന് ഹദ്റത്ത് ഉസ്മാൻ (റ) ആ യാചകന് ഒരു ദിർഹം നൽകി ആ കുല തിരികെ വാങ്ങി. അദ്ദേഹം കൊണ്ടുവന്നത് ഏതെങ്കിലും പ്രത്യേക ഇനത്തിൽപ്പെട്ട നല്ല ഈത്തപ്പഴമായിരിക്കാം. അവിടുന്ന് ആ യാചകനിൽ നിന്നും അത് വിലയ്ക്ക് വാങ്ങി വീണ്ടും നബിതിരുമേനി(സ)യുടെ സന്നിധിയിൽ സമർപ്പിച്ചു. അപ്പോൾ ആ യാചകൻ വീണ്ടും വരികയും അവിടുന്ന്

അത് വീണ്ടും അയാൾക്ക് തന്നെ നൽകുകയും ചെയ്തു.

ഈ സംഭവം ഇങ്ങനെ മൂന്ന് തവണ ആവർത്തിച്ചു! ഹദ്റത്ത് ഉസ്മാൻ (റ) അത് വിലയ്ക്ക് വാങ്ങി നബിതിരുമേനി(സ)ക്ക് സമർപ്പിക്കും, അയാൾ വീണ്ടും വന്ന് ചോദിക്കും, അവിടുന്ന് അത് അയാൾക്ക് തന്നെ നൽകും. ഒടുവിൽ നബി കരീം(സ) അങ്ങേയറ്റം സൗമ്യതയോടെ ആ യാചകനോട് ചോദിച്ചു: *താങ്കൾ ഒരു യാചകനാണോ അതോ കച്ചവടക്കാരനാണോ? താങ്കൾ ദാനം ചോദിച്ചു വന്നതാണല്ലോ. ദാനം ചോദിച്ചു വരുന്നവർ ഇങ്ങനെ ചെയ്യാറില്ല. താങ്കൾ ദിർഹം സമ്പാദിച്ചുകൊണ്ട് ഒരു കച്ചവടം നടത്തുകയാണല്ലോ.*

അവിടുന്ന് അയാൾക്ക് നൽകാൻ വിസമ്മതിച്ചില്ല, എങ്കിലും വളരെ യുക്തിപൂർവ്വമായ ശൈലിയിൽ അയാളെ ഉപദേശിക്കുകയാണ് ചെയ്തത്. അയാൾ ഈ ചെയ്യുന്നത് ശരിയായ പ്രവൃത്തിയല്ല എന്ന് മനസ്സിലാക്കിക്കൊടുത്തു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ സലാം (റ)ന്റെ നിവേദനത്തിൽ ഹദ്റത്ത് സൈദ് ബിൻ സഅ്ന (റ)ന്റെ ഇസ്‌ലാം ആശ്ലേഷണത്തെക്കുറിച്ചുള്ള സംഭവം വിവരിച്ച ശേഷം സയ്യിദുനാ ഹുസൂർ അൻവർ(അയ്യദഹുല്ലാഹ്) അരുളി: ഇതാണ് അവിടുത്തെ ഉദാത്തമായ സ്വഭാവമഹിമ! കടം വാങ്ങിക്കൊണ്ട് ഒരു ജനതയെ പട്ടിണിയിൽ നിന്ന് രക്ഷിക്കുക മാത്രമല്ല അവിടുന്ന് ചെയ്തത്, മറിച്ച് തന്റെ ഉന്നതമായ സ്വഭാവത്തിലൂടെ ഒരു ജൂത പണ്ഡിതനെ ഇസ്‌ലാമിലേക്ക് നയിക്കുക കൂടി ചെയ്തു.

അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ വബാരിക് വസല്ലിം ഇന്നക ഹമീദും മജീദ്.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُّضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 12.06.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516